(ബി) എങ്കിൽ എന്നുമുതലാണ് പ്രസ്തുത നടപടികൾ തുടങ്ങിയതെന്ന് അറിയിക്കുമോ ;

(സി) നാളിതുവരെ എത്ര ഫയലുകൾ തീർപ്പാക്കിയെന്നറിയിക്കുമോ ;

(ഡി) ഇനി എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്നുവർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ 100 ദിവസങ്ങൾക്കുള്ളിൽ തീർപ്പാക്കുന്നതിനായി 'പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി' ആരംഭിച്ചിട്ടുണ്ട്.

(ബി) 2014 മെയ് 1 മുതൽ

(സി) മൂന്നുവർഷത്തിൽ കൂടുതൽ പഴക്കമുള്ള 50,163 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ 6,016 ഫയലുകളും വിവിധ സർക്കാർ വകുപ്പുകളിൽ 26,939 ഫയലുകളും കളക്ടറേറ്റുകളിൽ 17,208 ഫയലുകളുമാണ് തീർപ്പാക്കിയിട്ടുള്ളത്.

(ഡി) 2,20,187 ഫയലുകൾ തീർപ്പാക്കാനുണ്ട്. സെക്രട്ടേറിയറ്റിൽ 15,700 ഫയലുകളും വിവിധ സർക്കാർ വകുപ്പുകളിൽ 1,32,888 ഫയലുകളും കളക്ടറേറ്റുകളിൽ 71,599 ഫയലുകളുമാണ് ഇനി തീർപ്പാക്കാനുള്ളത്.

കാസർഗോഡ് ജില്ലയിലെ സ്വാതന്ത്ര്യസമര പെൻഷൻ

41 (6188) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സ്വാതന്ത്ര്യസമര പെൻഷൻ എത്രപേർക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്രപേർ ആശ്രിതരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 105 പേർക്ക് കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നുണ്ട്.

(ബി) ഇതിൽ 92 പേർ ആശ്രിതരാണ്.

കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്

42 (6189) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ പേഴ്സണൽ ട്രെയിനിംഗ് വകുപ്പിനുകീഴിലെ സിവിൽ സർവ്വീസസ് ഓഫീസേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച രൂപരേഖ തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം

43 (6190) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണത്തെ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം നൽകുമോ ;

(സി) എന്നു മുതൽക്കാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

വിവിധ വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി

44 (6191) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഫയലുകളുടെയും മറ്റും കൈമാറ്റം കാലതാമസം ഉണ്ടാക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകൾ തമ്മിലുള്ള കത്ത്-ഫയൽ ഇടപാടുകൾ ഓൺലൈൻ വഴിയാക്കിയാൽ കാലതാമസം ഒഴിവാക്കാമെന്നതിനാൽ അത്തരം പരിഷ്കാരം നടപ്പിലാക്കാൻ തയ്യാറാകുമോ ;

(ഡി) എല്ലാ സർക്കാർ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും അപേക്ഷകന് രസീത് നൽകുന്ന സംവിധാനവും ഏർപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly